**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1754** **12-09-2023 - ൽ മറുപടിയ്ക്ക്**

**കവളപ്പാറയിലെ കർഷകരുടെ കൃഷി വായ്പകൾ എഴുതി തള്ളാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ കവളപ്പാറയിൽ 2019 ആഗസ്റ്റ് 8 നുണ്ടായ ഉരുൾപൊട്ടലിൽ ആകെ എത്ര ഏക്കർ കൃഷി ഭൂമി നഷ്ടപ്പെട്ടതായാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ; | (എ) | **കൃഷിഭവനിൽ ലഭിച്ച അപേക്ഷകൾ പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ കവളപ്പാറയിൽ 2019 ആഗസ്റ്റ് 8 - നുണ്ടായ ഉരുൾപൊട്ടലിൽ ആകെ 38.61 ഏക്കർ കൃഷി ഭൂമിയാണ് നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുള്ളത്.** |
| (ബി) | കവളപ്പാറ ദുരന്തസ്ഥലത്ത് എത്ര കൈവശക്കാർക്കാണ് കൃഷിഭൂമിയുണ്ടായിരുന്നത്; ഇവരുടെ പേരും, മേൽവിലാസവും, ഓരോരുത്തർക്കുമുണ്ടായിരുന്ന കൈവശ ഭൂമിയുടെ അളവും ലഭ്യമാക്കുമോ; | (ബി) | കൃഷിഭവനിൽ ലഭിച്ച അപേക്ഷകൾ പ്രകാരമുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു |
| (സി) | പ്രസ്തുത ദുരന്തത്തെ തുടർന്ന് കവളപ്പാറ മുത്തപ്പൻകുന്നിന്റെ താഴ്വാര പ്രദേശത്തെ മണ്ണുവന്നടിഞ്ഞ സ്ഥലത്ത് ഉടമകൾക്ക് കൃഷി ചെയ്യുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ടി പ്രദേശത്ത് നിലവിൽ കൃഷി ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. കവളപ്പാറയിലെ മുത്തപ്പൻകുന്ന് എന്നറിയപ്പെടുന്ന കുന്നിന്റെ വടക്കേ ചരിവിലാണ് ഉരുൾപൊട്ടൽ സംഭവിച്ചത്. 11 പേരുടെ മൃതദേഹങ്ങൾ ഇനിയും ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്ത് മണ്ണ് നിരപ്പാക്കുന്നതിന് കുറച്ച് ആളുകൾ ശ്രമിച്ചപ്പോൾ അയൽവാസികൾ ആയത് തടഞ്ഞതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ണിടിച്ചിൽ നടന്ന കുന്നിന്റെ ചരിവിൽ നിലവിലുള്ള ഭൂപ്രകൃതിക്ക് മാറ്റം വരുത്തുന്നതും കൃഷി ചെയ്യുന്നതും ഭാവിയിൽ മണ്ണിടിച്ചിലിന് കാരണമാകുമെന്നതിനാൽ ഈ സ്ഥലത്ത് യാതൊരു വിധ പ്രവർത്തനങ്ങളും അനുവദിക്കാൻ പാടില്ല എന്ന് അവിടെ പരിശോധന നടത്തിയ വിദഗ്ധ സംഘം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കവളപ്പാറ ദുരന്തഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഭൂഉടമകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഇടക്കാല വിധിപ്രകാരം ഭൂഉടമകളെയും ദുരന്തഭൂമിയിൽനിന്നും മൃതദേഹം കണ്ടെത്താൻ സാധിക്കാത്തവരുടെ ബന്ധുക്കളെയും പങ്കെടുപ്പിച്ച് |

| | | | |
|---|---|---|---|
| | | | 14.10.2022ൽ നടത്തിയ യോഗത്തിൽ പങ്കെടുത്ത ഭൂരിഭാഗം ഭൂഉടമകളും ദുരന്ത ഭൂമിയിൽ നിരപ്പാക്കാൻ സാധിക്കുന്ന സ്ഥലം നിരപ്പാക്കി ഭൂഉടമകൾക്ക് ഒരു നിശ്ചിത അനുപാതത്തിൽ നൽകുന്നതിന് താല്പര്യമില്ല എന്നറിയിച്ചതായി മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ഭൂമിക്ക് അടിയിൽ ഇനിയും കണ്ടുകിട്ടാത്ത പതിനൊന്നു മൃതശരീരങ്ങൾ ഉള്ളതിനാൽ, ടി ഭൂമിയുടെ പുനരുജ്ജീവനത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതിന് അകപ്പെട്ടുപോയ മൃതശരീരങ്ങളുടെ ബന്ധുക്കൾക്ക് എതിർപ്പ് ഇല്ല എന്ന് കാണിക്കുന്ന രേഖകൾ പഞ്ചായത്തിൽ ശേഖരിച്ച് പ്രമാണീകരണം ചെയ്യേണ്ടതാണെന്നും, മേല്പറഞ്ഞ കാര്യങ്ങൾ പഞ്ചായത്ത് തലത്തിൽ ചർച്ച ചെയ്ത് വ്യക്തത വരുത്താൻ കഴിഞ്ഞാൽ കവളപ്പാറയുടെ പുനരുജ്ജീവനത്തിനു യോജിച്ച ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സാധിക്കും എന്ന് KSDMA മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മെമ്പർ സെക്രട്ടറിയുടെ റിപ്പോർട്ടിലെ വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനം കൈക്കൊണ്ട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പോത്തുകല്ല് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഉരുൾപൊട്ടലിനെയും പ്രളയത്തെയും തുടർന്ന് പോത്തുകൽ ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമല്ലാതായി തീർന്ന കവളപ്പാറയിലേയും മറ്റ് പ്രദേശങ്ങളിലെയും കർഷകരുടെ കൃഷി വായ്പകൾ എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ബന്ധപ്പെട്ട ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പേര് | അഡ്രസ് | ആകെ കൈവശ ഭൂമി (ഏക്കർ) | ഭൂമി നഷ്ടപ്പെട്ടത് (ഏക്കർ) |
|---|---|---|---|---|
| 1 | അബ്ദുൾ കരീം | പൂതാനി കവളപ്പാറ | 0.64 | 0.64 |
| 2 | അബ്ദുറഹ്മാൻ | തെന്നാടൻ കവളപ്പാറ | 2.55 | 0.50 |
| 3 | അന്നമ്മ ആന്റണി | പട്ടരുകണ്ടത്തിൽ പൂക്കോട്ടുമണ്ണ | 1.24 | 1.24 |
| 4 | ആയിഷ | വടക്കൻ കവളപ്പാറ | 0.30 | 0.30 |
| 5 | അസീസ് | പൂതാനി കവളപ്പാറ | 0.47 | 0.20 |
| 6 | ബാബു | കൊന്നപ്പാറനിരവിൽ ഭൂതാനം | 0.50 | 0.50 |
| 7 | ബിജിലാൽ | ഗയ നിലമ്പൂർ | 3.00 | 0.60 |
| 8 | ബിന്ദു | വള്ളിക്കതൊടി | 0.35 | 0.35 |
| 9 | ധന്യ.എസ് | ലാൽനിവാസ് പെരുമ്പൊയിൽ കുന്ന് ചുങ്കത്തറ | 0.99 | 0.99 |
| 10 | ദിനേഷ് | നല്ലേങ്ങര ഭൂതാനം | 4.19 | 0.20 |
| 11 | ഫൈസൽ | അന്നാര്തൊടിക കവളപ്പാറ | 0.25 | 0.25 |
| 12 | ഹസ്സാൻ | നീലങ്ങടൻ കവളപ്പാറ | 1.49 | 0.99 |
| 13 | ഇന്ദിര | തൊട്ടുപ്പറത്ത് ഭൂതാനം | 0.79 | 0.79 |
| 14 | ജിഷ | ചെന്നപ്പറം മുട്ടിക്കടവ് ചുങ്കത്തറ | 0.25 | 0.25 |
| 15 | ജോസ് കെ ജെ | കൊച്ചുപുരയിൽ കവളപ്പാറ | 0.82 | 0.12 |
| 16 | ജ്യോതി | തോട്ടുപ്പറത്ത് കവളപ്പാറ | 0.15 | 0.15 |
| 17 | കൃഷ്ണകുമാർ | ഒരുപ്പറകുന്നത്ത് കവളപ്പാറ ഭൂതാനം | 0.20 | 0.20 |

| | | | | |
|---|---|---|---|---|
| 18 | കുഞ്ഞാണ്ടി | പാങ്ങോട്ടിൽ ഭൂതാനം | 0.74 | 0.50 |
| 19 | കുഞ്ഞിമോൻ | മാങ്കുന്നൻ കവളപ്പാറ | 4.59 | 4.59 |
| 20 | കുട്ടിയാലി | കോട്ടക്കാരൻ മട്ടത്തൂർ | 1.51 | 1.51 |
| 21 | ലക്ഷ്മി | മാങ്കുന്നൻ കവളപ്പാറ | 0.20 | 0.20 |
| 22 | ലക്ഷ്മിക്കുട്ടി | കലാഭവൻ ചുങ്കത്തറ | 1.49 | 1.49 |
| 23 | മറിയാമ | വൈദ്യൻ പറമ്പിൽ | 0.12 | 0.12 |
| 24 | മൊയ്‌ദീൻ | ക്രുത്രാടൻ ഭൂതാനം | 0.94 | 0.69 |
| 25 | മുജീബ് റഹ്മാൻ | വടക്കൻ കവളപ്പാറ | 0.35 | 0.35 |
| 26 | നാരായണൻ | കോണ്ടൂർ ഭൂതാനം കവളപ്പാറ | 0.55 | 0.50 |
| 27 | നസാർ | വടക്കൻ, കവളപ്പാറ | 0.10 | 0.10 |
| 28 | മുരളീ ബാബു | കൊട്ടയിൽ, ഭൂതാനം കുനിപ്പാല | 0.25 | 0.25 |
| 29 | ഫിലിപ് ടി ജെ | ചെറുമുറ്റാടത്ത് കവളപ്പാറ, ഭൂതാനം | 0.60 | 0.60 |
| 30 | പ്രജേഷ് പീറ്റർ | കരിങ്ങനംപള്ളിൽ പാലാങ്കര | 1.49 | 1.49 |
| 31 | പ്രജിത് പീറ്റർ | കരിങ്ങനംപള്ളിൽ പാലാങ്ങര | 1.49 | 1.49 |
| 32 | പ്രമോദ് | കുഴീകളിക്കൽ ഭൂതാനം | 0.15 | 0.15 |
| 33 | പുഷ്പ | ആലിങ്ങൽ ഭൂതാനം | 0.05 | 0.02 |
| 34 | രായിൻകുട്ടി | കാക്കീരി, കവളപ്പാറ | 0.71 | 0.69 |
| 35 | സഫിയ | നീലങ്ങാടൻ കവളപ്പാറ ഭൂതാനം | 0.46 | 0.45 |
| 36 | സൈനബ | പൂഴിക്കുന്നൻ ഭൂതാനം | 1.10 | 1.09 |
| 37 | ശോഭന | നല്ലേങ്ങര ഭൂതാനം കവളപ്പാറ | 0.50 | 0.20 |
| 38 | ശ്രീവിദ്യ | തട്ടുംപ്പുറത്തിൽ ഭൂതാനം | 0.40 | 0.40 |

| | | | | |
|---|---|---|---|---|
| 39 | ഉമ്മർ | കുഞ്ഞുകല്ലിങ്ങൽ കവളപ്പാറ | 0.10 | 0.10 |
| 40 | ഉഷ | നെടിയകാലായിൽ | 0.99 | 0.99 |
| 41 | ഉസ്മാൻ | കുഞ്ഞുകല്ലൻ | 0.20 | 0.20 |
| 42 | ഉസ്മാൻ | പുളിക്കതൊടി | 0.60 | 0.60 |
| 43 | ഉസ്മാൻ | വടക്കേപ്പുറം | 0.99 | 0.50 |
| 44 | വർഗീസ് | ചെറുമുറ്റാടത്ത് | 1.22 | 1.22 |
| 45 | വസന്ത | ചെമ്പ്രയിൽ | 0.20 | 0.20 |
| 46 | വിനേഷ് പി | പങ്ങോട്ടിൽ | 1.22 | 1.04 |
| 47 | യോഹനൻ | ചെറുമുറ്റാടത്ത് | 0.65 | 0.64 |
| 48 | കോരുത് | മണ്ണിൽ | 1.00 | 0.99 |
| 49 | ലില്ലികുട്ടി | കോക്കാട്ട് | 0.60 | 0.60 |
| 50 | സെമിനോസ് | കുത്രാടൻ | 0.44 | 0.42 |
| 51 | ജസ്റ്റിൻ കെ ജോസ് | ജസ്റ്റിൻ കോട്ടേജ് | 4.47 | 1.98 |
| 52 | ലക്ഷ്മിക്കുട്ടി | കലാഭവൻ | 1.51 | 1.49 |
| 53 | രാമൻ | അയനിക്കോടൻ | 0.50 | 0.30 |
| 54 | ശാന്തമ്മ | നേടിയകലയിൽ | 0.50 | 0.50 |
| 55 | ഉമ്മുകുൽസു | തെന്നടൻ | 0.30 | 0.10 |
| 56 | അയ്യപ്പൻ | വടക്കേപ്പുറം | 0.10 | 0.10 |
| 57 | സൈനബ | ഉണ്ണിപ്പിലൻ | 0.99 | 0.99 |
| 58 | ലീല തോമസ് | കുറ്റിയിൽ | 3.01 | 0.30 |
| 59 | നളിനി | മാമ്പൂട്ടിൽ | 0.20 | 0.20 |

| | | |
|---|---|---|
| **ആകെ** | **55.76** | **38.61** |

**സെക്ഷൻ ഓഫീസർ**